കാർപ്പറ്റ് ഫെയറിൽ മൂന്നു സ്ഥാപനങ്ങളും പങ്കെടുക്കുകയും അതിനോടനുബന്ധിച്ച് കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബയർ-സെല്ലർ മീറ്റ് സംഘടിപ്പിക്കുകയും ചെയ്തു. ഓണക്കാലയളവുകളിലും മറ്റു പ്രധാന ഉത്സവ കാലയളവുകളിലും പ്രധാന നഗരങ്ങളിൽ മെട്രോ ഫെയറുകളും ചെറിയ പട്ടണങ്ങളിൽ വില്പന മേളകളും സംഘടിപ്പിച്ചു വരുന്നു. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളാ കയറിന്റെ പ്രചരണാർത്ഥം 2010 കയർ വർഷമായി ആചരിക്കുകയും ഇതിന്റെ ഭാഗമായി 5 കയർഫെസ്റ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. ആഭ്യന്തര വിദേശ വിപണി ലക്ഷ്യമാക്കി അന്താരാഷ്ട്ര കയർ മേളയായ "കയർ കേരള 2011" 4-2-2011 മുതൽ 9-2-2011 വരെ സംഘടിപ്പിക്കുകയുണ്ടായി.

(എഫ്) കയർ കടാശ്വാസ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 102 സഹകരണ സംഘങ്ങൾക്കും 425 ചെറുകിട ഉല്പാദകർക്കുമായി 2,81,63,296 രൂപ അനുവദിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ

29 (992) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാം എന്നു വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നാളിതുവരെയായി 21 സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

30 (993) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പുതുതായി എത്ര നീതി മെഡിക്കൽ സ്റ്റോറുകളും, സഹകരണ ബാങ്കുകളുടെ/സഹകരണ സംഘങ്ങളുടെ ശാഖകളും ആരംഭിക്കാനായി എന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി കുണ്ടുകാട് സഹകരണ മെഡികെയർ കോംപ്ലക്സിന് എത്ര തുക ഷെയർ കാപ്പിറ്റൽ ഇനത്തിൽ അനുവദിച്ചു ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly